മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *271

**ജെൻഡർ പാർക്കുകൾ**

(*271) ശ്രീ. കെ. മുരളീധരൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സ്ത്രീകളുടെ സർവ്വതോന്മുഖവും സമഗ്രവുമായ പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ?

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പാർക്കുകൾ മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ,

(എ) സ്ത്രീകളുടെ സർവ്വതോന്മുഖവും സമഗ്രവുമായ പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന ജെൻഡർ പാർക്ക് പദ്ധതി ഇത്തരത്തിലുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ സംരംഭമാണ്.

വനിതകളുടെ സാമ്പത്തിക സാമൂഹ്യ പുരോഗതിക്കായുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ഏകോപിപ്പിക്കുകയുമാണ് ജെൻഡർ പാർക്ക് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തുടക്കത്തിൽ കോഴിക്കോട് സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 24 ഏക്കർ സ്ഥലത്തായിരിക്കും ആദ്യത്തെ ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. ഇതുകൂടാതെ ക്യാമ്പസിന് പുറത്തുള്ള വിവിധ പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന ലാഭേച്ഛയില്ലാത്ത പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റിയായിട്ടാണ് ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. കൂടാതെ, ജെൻഡർ പാർക്കിന്റെ ആദ്യത്തെ ഓഫ് ക്യാമ്പസ് പദ്ധതിയായ 'ഷീ ടാക്സി' കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ സഹകരണത്തോടുകൂടി നിലവിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ഡി) കോഴിക്കോട് നിലവിൽ വരുന്ന ജെൻഡർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള രൂപരേഖ തയ്യാറാക്കുന്നതിന് കോഴിക്കോട് ആസ്ഥാനമായുള്ള സ്പെയ്സ് ആർട്ട് എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിക്കുകയും ജെൻഡർ പാർക്കിന് ആവശ്യമായിട്ടുള്ള രൂപരേഖ തയ്യാറാക്കി

നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയാക്കി 2015 മാർച്ചിന് മുമ്പായി നിർമ്മാണ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ജെൻഡർ പാർക്കിന്റെ ഓഫ് ക്യാമ്പസ് പരിപാടികളിൽ ആദ്യത്തേതായി വനിതാ യാത്രക്കാർക്ക് വേണ്ടി വനിതകളുടെ ഉടമസ്ഥതയിലുള്ളതും വനിതകൾ ഓടിക്കുന്നതുമായ 'ഷീ ടാക്സി' പദ്ധതി തിരുവനന്തപുരത്തും എറണാകുളത്തും തുടക്കം കുറിച്ചിട്ടുണ്ട്. അടുത്തുതന്നെ കോഴിക്കോട്ടും പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ, " ഫുഡ് ഓൺ വീൽസ്" എന്ന നൂതന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സഭാനടപടികൾ അൽപ്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങളുടെ ബഹളത്തെത്തുടർന്ന് രാവിലെ 8.31-ന് അൽപ്പസമയത്തേക്ക് സഭാനടപടികൾ നിർത്തിവച്ചു.)